**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3784** **03-03-2023 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ദക്ഷിണ റെയിൽവേ എന്തൊക്കെ രേഖകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു; വിശദാംശം അറിയിക്കാമോ; | (എ) | സിൽവർലൈൻ പദ്ധതിയുടെ ഡി.പി.ആർ അംഗീകാരത്തിനായി 17.06.2020 ൽ റെയിൽവേ ബോർഡിന് സമർപ്പിച്ചിരുന്നു. ആയത് റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. പദ്ധതിയുടെ ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി, സിൽവർലൈൻ പാത നിലവിലുള്ള റെയിൽവേ ശൃംഖലയിലൂടെ കടന്നുപോകുന്നതിന്റെ വിശദാംശങ്ങളോടൊപ്പം പദ്ധതിയുടെ EIRR, FIRR ട്രാഫിക്ക് പഠനവുമായി ബന്ധപ്പെട്ടുള്ള വിശദവിവരങ്ങൾ, റെയിൽവേ ഭൂമിയുടെ അതിർത്തി വ്യക്തമാക്കുന്ന പ്ലാനിന്റെ അധിക വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ റെയിൽവേ ബോർഡ് ആവശ്യപ്പെടുകയുണ്ടായി. |
| (ബി) | ആവശ്യപ്പെട്ട വിവരങ്ങളെല്ലാം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | പ്രസ്തുത വിവരങ്ങൾ റെയിൽവേ ബോർഡിലേക്ക് അയക്കുന്നതിനായി ദക്ഷിണ റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | ദക്ഷിണ റയിൽവേയുടെ ഭാഗത്തുനിന്നും എന്തെങ്കിലും തുടർ നടപടി ഉണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | നിലവിൽ കെ.ആർ.ഡി.സി.എൽ സമർപ്പിച്ച പ്രമാണങ്ങൾ ദക്ഷിണ റെയിൽവേ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ